**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.**3042** **07.11.2019** -ൽ മറുപടിയ്ക്ക്.

## ഭാഗാധാരങ്ങൾ സംബന്ധിച്ച പരാതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 2010 മുതൽ നടന്നുവന്നിരുന്ന ഭാഗാധാരങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ നിയമതടസ്സം നിലനിൽക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | ഒരിക്കൽ ഭാഗാധാരം നടത്തിയാൽ എല്ലാ കക്ഷികളും ഒപ്പിട്ടിട്ടില്ലായെങ്കിൽ ആധാരം ക്യാൻസൽ ചെയ്യുന്നതിനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | രജിസ്റ്റർ ചെയ്ത ആധാരം കക്ഷികൾ റദ്ദാക്കുന്നത് സംബന്ധിച്ച് രജിസ്ട്രേഷൻ ആക്ടിലോ ചട്ടങ്ങളിലോ പ്രത്യേകിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. എന്നിരുന്നാലും ആധാരകക്ഷികൾക്ക് അവർ രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ റദ്ദ് കരണം എഴുതി രജിസ്ട്രേഷന് ഹാജരാക്കാവുന്നതാണ്. ടി റദ്ദ് കരണത്തിന്റെ സാധുത പരിശോധിക്കുന്നതിനുള്ള അധികാരം ബഹു.നീതിന്യായ കോടതികളിൽ നിക്ഷിപ്തമാണ്. |
| (സി) | 2010- ൽ നടന്ന ഭാഗാധാരം റദ്ദ് ചെയ്യണമെന്ന് ഭൂരിഭാഗം കക്ഷികളും ആവശ്യപ്പെട്ടാൽ ജില്ലാ കളക്ടർക്ക് ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരമുണ്ടോ; വിശദീകരിക്കാമോ; | (സി) | ഭാഗാധാരകക്ഷികൾ ആവശ്യപ്പെട്ടാൽ ജില്ലാ കളക്ടർക്ക് ആയത് റദ്ദ് ചെയ്യാൻ നിലവിൽ രജിസ്ട്രേഷൻ ആക്ടിലോ ചട്ടങ്ങളിലോ വ്യവസ്ഥയില്ല. |
| (ഡി) | ഭാഗാധാരത്തിൽ ഉണ്ടായിരിക്കുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും യഥാർത്ഥ | (ഡി) | ഭാഗപത്രത്തിലെ കക്ഷികളുടെ അവകാശം സംബന്ധിച്ച തർക്കം |

| | | | |
|---|---|---|---|
| | വസ്തുതകൾ മറച്ചു വച്ച് നടത്തുന്ന ആധാര രജിസ്ട്രേഷൻ തടയുന്നതിനും വകുപ്പു തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | പരിഹരിക്കുന്നത് രജിസ്ട്രേഷൻ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതല്ല. ആധാരങ്ങളിൽ വസ്തുതകൾ മറച്ചുവച്ച് രജിസ്റ്റർ ചെയ്യുക വഴി സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി നഷ്ടം ഉണ്ടായതായി ബോദ്ധ്യപ്പെട്ടാൽ കേരള മുദ്രപത്ര ആക്ട്, വകുപ്പ് 45 ബി പ്രകാരം അണ്ടർവാല്യുവേഷൻ നടപടി സ്വീകരിക്കാറുണ്ട്. ആധാര കക്ഷികൾ ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്താലോ , സർക്കാരിന്റെയോ പൊതുമേഖലാസ്ഥാപനങ്ങളുടെ യോ ഭൂമി കളക്ടറുടെ അനുമതിയില്ലാതെ രജിസ്റ്റർ ചെയ്താലോ, പ്രസ്തുത ആധാരം രജിസ്ട്രേഷൻ ആക്ട് വകുപ്പ് 83 എ പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് റദ്ദാക്കാം. |
| (ഇ) | ഒറിജിനൽ ആധാരമില്ലാതെയും മുന്നാധാരം ഇല്ലാതെയും നടത്തുന്ന ഭാഗാധാരങ്ങൾക്ക് നിയമസാധുത ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ആയത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഒറിജിനൽ മുന്നാധാരം ഇല്ലാതെ രജിസ്റ്റർ ചെയ്തു എന്ന ഒറ്റക്കാരണത്താൽ ആധാരത്തിന്റെ രജിസ്ട്രേഷൻ അസാധുവാകുന്നില്ല. |

**സെക്ഷൻ ഓഫീസർ.**